പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2435
13.02.2013-ലെ മറുപടിക്ക്

ട്രഷറികളിലെ എ.റ്റി.എം സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം സംവിധാനം ഏർപ്പെടുത്തുന്നതിന്റെ പ്രാരംഭ ഘടകമായ കോർ ബാങ്കിംഗ് സൊലൂഷൻ സോഫ്റ്റ്‌വെയർ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ തയ്യാറാക്കി വരുന്നു. ഇതിന്റെ ഭാഗമായി സെക്രട്ടറിയേറ്റ് സബ് ട്രഷറിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പെൻഷൻ പേമെന്റ് സബ് ട്രഷറികളിലും എ.റ്റി.എം സ്ഥാപിക്കുന്നതിന് 14.12.2012 തീയതിയിലെ സ.ഉ (സാധാ) നം:10460/12/ധന ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | പെൻഷൻകാർക്കും ട്രഷറി അക്കൗണ്ട് ഹോൾഡർമാർക്കും ഏറെ പ്രയോജനകരമാകാവുന്ന ട്രഷറി എ.റ്റി.എം സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | ഇതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |
| സി) | ചേർത്തല സബ് ട്രഷറിയോടനുബന്ധിച്ച് പെൻഷൻ ട്രഷറി ആരംഭിക്കുവാനും ട്രഷറി എ.റ്റി.എം സംവിധാനം ഒരുക്കുവാനുമുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ? | ഇക്കാര്യം നിലവിൽ സർക്കാറിന്റെ പരിഗണനയിൽ ഇല്ല. |

[signature]

സെക്ഷൻ ഓഫീസർ